(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് എൽ.ഡി.സി. മാരുടെ നിയമനത്തിൽ പി.എസ്.സി. നടത്തിയ എത്ര ടെസ്റ്റുകൾ അപാകതകളെ തുടർന്ന് വീണ്ടും നടത്തേണ്ടി വന്നിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇടുക്കി ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് വേണ്ടി നടത്തിയ ഇക്കഴിഞ്ഞ ടെസ്റ്റിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 20.11.99 ന് നടത്തിയ ഇടുക്കി ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ തെരഞ്ഞെടുപ്പിനായുള്ള പുനഃപരീക്ഷയ്ക്ക് കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിച്ച ഒരു ഗൈഡിൽ നിന്ന് പൊതുവിജ്ഞാനത്തിൽ കൂടുതൽ ചോദ്യങ്ങൾ വരികയുണ്ടായി എന്ന് പത്രങ്ങളിൽ വന്ന പരാതിയിന്മേൽ കമ്മിഷൻ അന്വേഷണം നടത്തിവരുന്നു.

(ബി)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

91 (1689) എൽ.ഡി.സി. തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേനയുള്ള നിയമനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ലാസ് ഫോർ ജീവനക്കാരിൽനിന്ന് എൽ.ഡി.സി. തസ്തികയിലേക്ക് ട്രൈബ്രാൻസ്ഫർ നിയമനത്തിനുള്ള ശതമാനം ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് എത്രയാണ്;

(ബി) ഇത് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നു വെളിപ്പെടുത്തുമോ;

(സി) ഇതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിന് മുൻകാല പ്രാബല്യം നൽകുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 5%.

(ബി)-(ഡി) നിലവിലുള്ള 5% പത്തുശതമാനമായി ഉയർത്തണമെന്ന 1997 ലെ പേ റിവിഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഇക്കാര്യം പി.എസ്.സി. യുമായി ആലോചിച്ചു പരിശോധിച്ചുവരുന്നു.

92 (1690) സൈനികക്ഷേമ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സൈനികക്ഷേമ വകുപ്പിൽ (ആലപ്പുഴ ജില്ല) എൽ. ഡി. ക്ലാർക്ക് (എക്സ് സർവീസുകാർ മാത്രം) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി;

(സി) എല്ലാ ഒഴിവുകളിലേക്കും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) രണ്ട്.

(ബി) രണ്ട്.

(സി) ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ ഇതിനകം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

93 (1691) ചീഫ് എക്സിക്യൂട്ടീവുകളുടെ ശമ്പളപരിഷ്കരണം

ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകാരുടെ ശമ്പള സ്കെയിലുകൾ കാലാകാലങ്ങളിൽ ഉചിതമായി പരിഷ്കരിക്കാറുണ്ടോ;

(ബി) ഈ ശമ്പള സ്കെയിലുകൾ സർക്കാരിലെ സമാന തസ്തികകളേക്കാൾ തുലോം താഴെയാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1993- ൽ നടപ്പിൽ വരുത്തേണ്ട ശമ്പളപരിഷ്കരണം 1997 ലാണ് നടപ്പിലാക്കിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സെൻട്രൽ ബി.പി.ഇ. ശമ്പളപരിഷ്കരണത്തെ തുടർന്ന് സംസ്ഥാനത്തെ പൊതുമേഖലാ ചീഫ് എക്സിക്യൂട്ടീവുകളുടെയും സ്കെയിലുകൾ തദനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998 നവംബർ 25-ാം തീയതിയിലെ ജി.ഒ. (പി) 3000/98/ഫിനാൻസ് നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളസ്കെയിലുകൾ പരിഷ്കരിച്ചപ്പോൾ ചില ചീഫ് എക്സിക്യൂട്ടീവ്മാരുടെ ശമ്പളസ്കെയിലുകൾ താഴെ ആയിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ സർവീസിൽ 1988 ൽ നടപ്പിലാക്കിയ സ്കെയിലുകളുടെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണം ചീഫ് എക്സിക്യൂട്ടീവ്മാർക്ക് 1.4.1992 മുതലാണ് നൽകിയത്. തുടർന്നുള്ള ശമ്പളപരിഷ്കരണം 5 വർഷത്തെ കാലാവധി കഴിഞ്ഞ് 1.4.97 മുതൽ നൽകുകയും ചെയ്തു. അതു

LIBRARY ARCHIVES Kerala Legislative Assembly